**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1002** **10-06-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വെ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1665 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും ശേഷിക്കുന്ന 756 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ നിലവിൽ പുരോഗതിയിലുമാണ്. |
| (ബി) | റീസർവ്വെ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ജീവനക്കാരുടെയും സർവ്വെ ഉപകരണങ്ങളുടെയും കുറവ് റീസർവ്വെ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. സർവ്വെ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real- time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ കുറവിന് പരിഹാരമായി വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരുടെ സേവനം വിനിയോഗിച്ച് റീസർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതിയും പരിഗണനയിലുണ്ട്. |
| (സി) | റീസർവ്വെ നടപടികളിൽ പൊതുജനപങ്കാളിത്തം ഉറപ്പ് വരുത്തി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം | (സി) | റീസർവ്വെ പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപായി വില്ലേജ്, പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളെയും, റസിഡൻസ് |

| | | | |
|---|---|---|---|
| | നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | | അസോസിയേഷനുകളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി മീറ്റിംഗുകൾ സംഘടിപ്പിക്കുകയും, വിവിധ മാധ്യമങ്ങൾ വഴി അറിയിപ്പ് നൽകുകയും, കൂടാതെ റീസർവ്വെ സംബന്ധിച്ച് സർവ്വെ ബൗണ്ടറീസ് ആക്ട് ആൻഡ് റൂൾ പ്രകാരമുള്ള വിവിധ ഘട്ടങ്ങളിൽ [ 6(1), 9(2), 13 എന്നീ നോട്ടിഫിക്കേഷനുകൾ ] വിവിധ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിച്ചും നിലവിൽ റീസർവ്വെ പ്രവർത്തനത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ